പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 289</u> — <u>21.08.2017 ൽ മറുപടിക്ക്</u>

## ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, കെ.കുഞ്ഞിരാമൻ<br>,, എ.എം. ആരിഫ്<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) റോഡുകളിലെ അമിതമായ തിരക്കു കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ട പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തിവരുന്നു. വകുപ്പിന്റെ വൈക്കം – തവണക്കടവ്, ഫോർട്ടുകൊച്ചി – മട്ടാഞ്ചേരി, വൈറ്റില – കാക്കനാട് എന്നീ സർവ്വീസുകൾ ഇതിനുദാഹരണങ്ങളാണ്. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം – തവണക്കടവ് റൂട്ടിൽ നിലവിലുള്ള ബോട്ടുകൾക്ക് പുറമേ അത്യാധുനിക സംവിധാനങ്ങളടങ്ങിയ സോളാർ ബോട്ടുകൂടി ഉപയോഗിച്ച് ജലമാർഗ്ഗം 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് വകുപ്പ് നടത്തിവരുന്നു. ഫോർട്ടുകൊച്ചി – വൈപ്പിൻ- മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുന്നതിന് വകുപ്പിന്റെ സർക്കുലർ സർവ്വീസുകൾ സഹായിക്കുന്നു. വൈറ്റില – കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം സമയംകൊണ്ട് ഇൻഫോപാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് വേഗത്തിൽ എത്തിച്ചേരുന്നതിന് വകുപ്പ് സർവ്വീസുകൾ സഹായിക്കുന്നു. ഒരേസമയം എട്ട് ബൈക്കുകൾ കയറ്റാവുന്ന 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ ഉപയോഗിച്ചുള്ള വകുപ്പിന്റെ സർവ്വീസുകൾ , നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും |

സഹായകരമാണ്. ജലമാർഗ്ഗമുള്ള വേഗതയേറിയ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈക്കം –എറണാകുളം, ആലപ്പുഴ –കുമരകം-കോട്ടയം എന്നീ റൂട്ടുകളിൽ അതിവേഗയാത്രാബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുകയും സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ ഇതിനായുള്ള രണ്ട് 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. ബോട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു. കൊല്ലം മേഖലയിൽ സീ- അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ കം ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ, മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയ്സ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഈ സർവ്വീസുകൾ ആരംഭിക്കുന്നതോടുകൂടി റോഡുകളിലെ അമിതമായ തിരക്ക് കുറയ്ക്കുവാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിലവിൽ ജലഗതാഗത വകുപ്പിന് എത്ര ബോട്ടുകൾ ഉണ്ടെന്നും അവയുടെ കാലപ്പഴക്കമെത്രയെന്നും അറിയിക്കാമോ; യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാന ജലഗതാഗത വകുപ്പിന് നിലവിൽ 96 ബോട്ടുകളാണുള്ളത് . ഇവ ഉപയോഗിച്ച് 52 ഷെഡ്യൂളുകളിലായി വകുപ്പ് സർവ്വീസ് നടത്തിവരുന്നു. സർവ്വീസ് ബോട്ടുകളിൽ 15 വർഷത്തിന് താഴെ മാത്രം പഴക്കംചെന്ന 37 സ്റ്റീൽ ബോട്ടുകളും 10 വർഷത്തിനും 39 വർഷത്തിനുമിടയിൽ പഴക്കമുള്ള 16 തടി ബോട്ടുകളും പുതിയതായി 2015 –ൽ നിർമ്മിച്ച ഒരു ഫൈബർ സോളാർ ബോട്ടും ഉൾപ്പെടുന്നു. ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കുമായി കേരളാ ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും വകുപ്പ് ബോട്ടുകൾ പാലിച്ചുവരുന്നു. യാത്രക്കാർക്കും ജീവനക്കാർക്കുമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിങ്ങ്ക്യൂഷർ എന്നിവ എല്ലാ ബോട്ടുകളിലും സജ്ജീകരിച്ചിട്ടുണ്ട്. കേരള തുറമുഖവകുപ്പിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കും അതുവഴി ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്കും വിധേയമായി മാത്രമാണ് വകുപ്പ് ബോട്ടുകൾ സർവ്വീസ്

ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ചു പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. GO (Rt) No. 450/2016/Trans. Dtd. 29-11-16 പ്രകാരം നിലവിലുള്ള 14 ബോട്ടുകൾ മാറ്റി ആധുനിക സാങ്കേതികവിദ്യയും അതിവേഗതയുമുള്ള ബോട്ടുകളാക്കി മാറ്റുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിനെത്തുടർന്ന് ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ